അനാഥരായ പട്ടികവർഗ്ഗ കുട്ടികളുടെ സംരക്ഷണമേറ്റെടുക്കുന്ന രക്ഷിതാക്കൾക്ക് പ്രതിമാസം 1,000 രൂപ ധനസഹായം അനുവദിക്കുന്നു. ടി ഇക വ്യവസ്ഥകൾ ഇല്ലാതെ രക്ഷിതാവിന് ടിയാന്റെ സംരക്ഷണയിലുള്ള കുട്ടിയുടെ വിദ്യാഭ്യാസം, ആഹാരം, ചികിൽസ തുടങ്ങിയ ചെലവുകൾക്ക് ഉപയോഗിക്കാവുന്നതാണ്. നാളിതുവരെയായി 456 പട്ടികവർഗ്ഗ കുട്ടികൾ ടി പദ്ധതിയുടെ ഗുണഭോക്താക്കളായി ഉണ്ട്. കുട്ടികൾ വളർന്ന് സ്വയംതൊഴിൽ കണ്ടെത്തുന്നത് വരെയോ, 18 വയസ്സ് പൂർത്തിയാകുന്നതുവരെയോ ധനസഹായം ടി പദ്ധതി പ്രകാരം നൽകുന്നു.

ശമ്പള പരിഷ്കരണം

23 (*53) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് 30-11-2013-ലെ സ.ഉ. (കൈ) നമ്പർ 583/2013/ധന. പ്രകാരം സർക്കാർ 10-ാം ശമ്പളപരിഷ്കരണ കമ്മീഷനെ നിയമിക്കുകയുണ്ടായി. 12-6-2014-ലെ സ.ഉ. (കൈ)നമ്പർ 218/2014 പ്രകാരം 4-12-2014 വരെയും 29-11-2014-ലെ സ.ഉ. (കൈ) നമ്പർ 521/2014/ധന. പ്രകാരം 30-6-2015 വരെയും കാലാവധി രണ്ട് തവണ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ഇപ്പോൾ കമ്മീഷന്റെ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.

(ബി) കമ്മീഷന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായതിന് ശേഷം സർക്കാർ ശമ്പള പരിഷ്കരണം സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly